**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 798** **28-01-2026 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തവരുടെ കടങ്ങൾ എഴുതി തള്ളാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തതിനുശേഷം മരണപ്പെട്ടവരുടെയും നിത്യരോഗികളായവരുടെയും കടങ്ങൾ എഴുതി തള്ളാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ (സ്വർണപണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെ) എടുത്തശേഷം വായ്പയുടെ കാലാവധിക്കുള്ളിൽ മരണപ്പെട്ടാൽ അവരുടെ 3 ലക്ഷം രൂപ വരെയുള്ള വായ്പാ ബാധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്ന "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" നിലവിലുണ്ട്.<br><br>കൂടാതെ, വായ്പ എടുത്ത ശേഷം വായ്പക്കാരന് മാരക രോഗം പിടിപെട്ടു വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെ വന്നാൽ നിബന്ധനകൾക്ക് വിധേയമായി പരമാവധി 1,25,000രൂപ വരെയും ഈ പദ്ധതി പ്രകാരം അനുവദിച്ചുവരുന്നു. |
| (ബി) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന ലോണുകൾക്കെല്ലാം ഇൻഷുറൻസ് കവറേജ് ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുമോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന ലോണുകൾക്ക്, വായ്പക്കാരൻ വായ്പകാലാവധിക്കുള്ളിൽ മരണപ്പെടുകയോ, മാരകരോഗം ബാധിക്കുകയോ ചെയ്താൽ, റിസ്ക് ഫണ്ട് പദ്ധതിയിൽ നിന്നും തുക അനുവദിച്ചു വരുന്നു. ഇതിലേക്കായി റിസ്ക് ഫണ്ട് പദ്ധതിയിൽ വയ്പക്കാരനെ ഉൾപ്പെടുത്തുന്നതിനായി വായ്പക്കാരനിൽ നിന്നും നിശ്ചിത തുക പ്രീമിയം ആയി ഈടാക്കുന്നുണ്ട്. |
| (സി) | റിസ്ക് ഫണ്ട് ആനുകൂല്യത്തിന്റെ തുക പത്തു ലക്ഷമായി ഉയർത്താൻ നടപടി സ്വീകരിയ്ക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ